# ഇ-മഷി



## ഗവ.ഹൈസ്കൂൾ കാലിക്കടവ്

റവന്യൂ ജില്ല

**കണ്ണൂർ**

വിദ്യാഭ്യാസ ജില്ല

**തളിപ്പറമ്പ**

ഉപജില്ല

**തളിപ്പറമ്പനോർത്ത്**

പ്രധാന അദ്ധ്യാപകൻ

**സജികുമാർ**

പി.ടി.എ. പ്രസിഡണ്ട്

**പുരുഷോത്തമൻ. എ**

എസ്.എം.സി.പ്രസിഡണ്ട്

**പീതാംബരൻ.സി.പി**

എം.പി.ടി.എ. പ്രസിഡണ്ട്

**വിദ്യ ടി.വി**

കണ്ണൂർ ജില്ലയിലെ പന്നിയൂർ കാലിക്കടവിൽ സ്ഥിതിചെയ്യുന്ന ഹൈസ്കൂളാണ് ജി.എച്ച്.എസ്. കാലിക്കടവ്.1955-ൽ ശ്രീ ചെരിച്ചൽ ചിണ്ടന്റെ ശ്രമഫലമായി ആരംഭിച്ച ഈ വിദ്യാലയം ഇന്ന് 69 സംവത്സരങ്ങൾ പിന്നിട്ടിരിക്കുന്നു. കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന്റെ അതിർത്തി ഗ്രാമമായ പന്നിയൂർ കാലിക്കടവിലെ വിദ്യാർത്ഥികൾക്ക് മാത്രമല്ല സമീപ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കൂടി അക്ഷരം വെളിച്ചം നൽകുകയാണ് ഇന്ന ഈ വിദ്യാലയം. മികച്ച അക്കാദമിക ഭൗതിക സാഹചര്യങ്ങൾ കൊണ്ട് സമ്പന്നമായ ഈ വിദ്യാലയം പഠന പഠനാനുബന്ധപ്രവർത്തനങ്ങളിലെല്ലാം ഉന്നത നിലവാരം പുലർത്തുന്ന സർക്കാർ വിദ്യാലയമാണ്.

# ആശംസ




സജികുമാർ.കെ
ഹെഡ്മാസ്റ്റർ
ഗവഃ ഹൈസ്കൂൾ കാലിക്കടവ്

പഠനത്തോടൊപ്പം, കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകളും ചേർന്ന് വളരെ മികച്ച രീതിയിൽ **ഇ-മഷി** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ കാലിക്കടവ് ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചതിൽ ഏറെ സന്തോഷവും അഭിമാനവുമുണ്ട്.

ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയ എല്ലാ കുട്ടികൾക്കും, മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങളും, ആശംസകളും നേരുന്നു .

## പത്രാധിപസമിതി

അഞ്ജന.പി.വി
നിദ ഫാത്തിമ.കെ
തേജലക്ഷ്മി.കെ
നിവേദ്യ.കെ
നാജിയ.ടി.പി
മുഹമ്മദ് നാഫിദ്.ടി.പി
നിവേദ്.ടി

# <u>മനുഷ്യനും</u>
# <u>പ്രകൃതിയും</u>



പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ഏറ്റവും പ്രസക്തമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. പ്രകൃതിയും മനുഷ്യനുമായി അഭേദ്യമായ ബന്ധം പുലർത്തിയിരുന്ന ഒരു സംസ്കാരം നമുക്കുണ്ടായിരുന്നു.പണ്ടുകാലങ്ങളിൽ മനുഷ്യർ പ്രകൃതിയെ അമ്മയായും ദൈവമായും ആണ് കണ്ടിരുന്നത് എന്നാൽ പിന്നീടെപ്പോഴോ മനുഷ്യൻ സ്വർത്ഥതാൽപ്പര്യങ്ങൾക്കു വേണ്ടി അവൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ തുടങ്ങി.ഇത്തരത്തിലുള്ള പ്രവർത്തികൾ ഒഴിവാക്കുക.

അഞ്ജന .പി.വി


ഞാൻ ജനിച്ച നാൾ
മുതൽ കേൾക്കുന്ന
മലയാളമാണെന്റെ
മാതൃഭാഷ
അമ്മയെന്ന രണ്ടക്ഷരം
കൊണ്ടുപഠിച്ചു
തുടങ്ങുമെൻ മലയാളം
ജനനം മുതൽ മരണം
വരെ
കൂടെയുണ്ടാവുമെന്റെ
ഭാഷ
അമ്മയായി
സാമ്യപ്പെടുത്തുന്നുവെന്റെ
മലയാള ഭാഷയെ
ഞാൻ ജനിക്കുന്നനാൾ
മുതൽ കേൾക്കുന്ന
മലയാളമാണെന്റെ
മാതൃഭാഷ



ഗോപിക

# സൂക്ഷ്മജീവികൾ

നമ്മുടെ ചുറ്റുപാടും ഇര പിടിക്കാൻ വേണ്ടിയും ഇര ആകാതിരിക്കാൻ വേണ്ടിയും ഒളിച്ചിരിക്കുന്ന ധാരാളം ജന്തുസസ്യജാലങ്ങൾ ഉണ്ട്. ഇന്ന് നമുക്ക് അവയെ പരിചയപ്പെടാം.
അവയിലൊന്നാണ് കുഴിയാന .
കുഴിയാന ചെറിയ കുഴിയുണ്ടാക്കി അതിലാണ് ജീവിക്കുന്നത്.
ചുഴി പോലെയുള്ള അവരുടെ കുഴികളിൽ മറ്റു പ്രാണികൾ വീഴുകയും ഇവ അതിനെ ആഹാരമാക്കുകയും ചെയ്യുന്നു.
കുഴിയാനയാണ് വിവിധഘട്ടങ്ങളിലുടെ തുമ്പിയായി മാറുന്നത്.
കുഴിയാന പിന്നോട്ട് ആണ് നടക്കുന്നത്.
അതുപോലെ തന്നെയാണ് ചിലന്തിയും.




തേജലക്ഷ്മി.കെ

# പുഴ



പ്രകൃതിയുടെ മനോഹാരിതയാണ് പുഴ.ഇപ്പോൾ പുഴകളെല്ലാം,മലിനമായിക്കൊണ്ടിരിക്കുന്നു.മനുഷ്യരുടെ ക്രൂരമായ ഇടപെടലുകളാണ് പുഴമലിനമാകാൻ കാരണമാവുന്നത്.പുഴ മലിനീകരിക്കുന്നത് ജലജീവികളുടെയും സസ്യങ്ങളുടെയും നാശത്തിന് കാരണമാകുന്നു.ഇതുതടയേണ്ടത് മനുഷ്യരാണ്.മാലിന്യങ്ങൾ പുഴയിലേക്ക് വലിച്ചെറിയരുത്.ഫാക്ടറിയിലുണ്ടാകുന്ന മാലിന്യങ്ങൾ പുഴകളിലേക്ക് വൻതോതിൽ ഒഴുക്കുന്നതും പുഴമലിനീകരണത്തിന് പ്രധാന കാരണമാണ്.പുഴകളെയെല്ലാം നശിപ്പിക്കുന്നത് നമുക്ക് തന്നെ ഒരു തിരിച്ചടിയായി വരുന്നു.പുഴയെന്ന വിശാലമായ ആവാസവ്യവസ്ഥ തകരുന്നതിലൂടെ മനുഷ്യനടക്കമുള്ള സർവജീവജാലങ്ങളുടെയും നിലനിൽപ്പിനെ ബാധിക്കുന്നു."പുഴകൾ സംരക്ഷിക്കു ജീവൻ നിലനിർത്തു"

ഫാത്തിമത്ത് ഷഹാന.കെ

# ജീവിതം

നമ്മൾ ചെയ്യുന്ന ഒരുപാട്
ശരികൾക്കിടയിലും ഒരു തെറ്റിന്
വേണ്ടി കാത്തിരിക്കുകയാണ്
ലോകം ഓരാളുടെ ശരിയെയല്ല
അയാളുടെ പോരായ്മയാണ്
മിക്കവർക്കും വേണ്ടത്
എത്രകൃത്യയോടെ ജീവിച്ചാലും
ഒരു കാരണവുമില്ലാതെ
ശിക്ഷിച്ചെ-
ന്നിരിക്കും.അനോരോരോഗ്യപരമായ
വിമർശനങ്ങൾ ഒരിക്കലും
നമ്മുടെ കർമശേഷിയെ
പരിമിതപെടുത്തരുത്. ഓരോ
കാര്യങ്ങളും ചെയ്യന്നതിന് മുൻപ്
രണ്ട് കാര്യങ്ങൾ ചിന്തിക്കണം.
എങ്ങനെയാണ് തുടങ്ങേണ്ടത്
എന്തൊക്കെയാണ്
തിരുത്തേണ്ടത്

തോറ്റ് പോകുന്നവരുടെ
ചരിത്രം പരിശോധിച്ചാൽ
കാണാൻ കഴിയുന്ന ചിലതുണ്ട്
പലരും തട്ടിവീണത് വലിയ
പാറകെട്ടുകളിലല്ല മറിച്ച്
അപ്രസക്തമെന്ന് കരുതിയ
ചെറിയ ഉരളൻ
കല്ലുകളിലാണ്.മുന്നിൽ വരുന്ന
എന്തിനമേതിനം അതിന്റെതായ
പ്രാധാന്യം കൊടുക്കുക തന്നെ
വേണം.

നാജിയ.ടി.പി

# കള്ളവും സത്യവും

കള്ളം ആരുടെ
അടുത്തെത്തിയാലും
പതിന്മടങ്ങായി വളരുകയും
വ്യാപിക്കുകയും ചെയ്യും.അതിന്
വളരെവേഗം
യാത്രചെയ്യാനാകും.സത്യത്തിന്
വേശമിടാനുള്ള സമയം
കിട്ടുംമുൻപേ കള്ളം കാതങ്ങൾ
സഞ്ചരിച്ചിട്ടുണ്ടാകും  കള്ളം
കള്ളമാണെന്ന് തെളിയിക്കാൻ
സത്യത്തിന് പോലും കഴിയാറില്ല.
സത്യത്തെ കല്ലെറിയാൻ
നോക്കിയിരിക്കുന്നവരും
സത്യമറിയാൻ
താൽപര്യമില്ലാത്തവരും
കള്ളത്തെ  പ്രകീർത്തിക്കും

നമിതപി.വി

# ലഹരി:

## മാനവരാശിയെ നശിപ്പിക്കുന്ന മഹാമാരി




കേരളത്തിന്റെ സജീവ മണ്ഡലങ്ങളിൽ ലഹരി സജീവ ചർച്ചയായിരിക്കുകയാണ്. വിദ്യാർതികൾക്കിടയിലും യുവാക്കൾക്കിടയിലും ലഹരിയുടെ ഉപയോഗം അമിതമായി വർദ്ദിച്ചുകൊണ്ടിരിക്കുകയാണ്. ലഹരി സമൂഹങ്ങൾക്കിടയിൽ ഒരു സാധാരണ സംഭവമായി മാറിയിരിക്കുകയാണ്. പതിനാല് മുതൽ നാൽപത് വരെ പ്രായമുള്ളവരാണ് ലഹരി ഉപയോഗിക്കുന്നത്. പുതുതലമുറയെ വാർത്തിയെടുക്കാൻ ലഹരിയെ നാം വെടിയേണ്ടതുണ്ട്. ലഹരിയുടെ ഉപയോഗം സമൂഹത്തെ തിന്മയിലേക്ക് നയിച്ച് കൊണ്ടിരിക്കും. പുതുതലമുറയെ ലഹരിയിൽ നിന്നും വിമുക്തമാക്കാൻ ലഹരിയെ ഉപേക്ഷിക്കൂ.

FATHIMA NIDA.K

# സമയമെന്ന സമ്പത്ത്

ഒരു ഗുരു തന്റെ ശിഷ്യന്മാരോട് ഒരിക്കൽ ചോദിച്ചു,ലോകത്തിൽ ഏറ്റവും വിലപിടിപ്പുള്ളതെന്താണ്? ഒന്നാമന്റെ ഉത്തരം സ്വർണ്ണം എന്നായിരുന്നു.രണ്ടാമൻ പറഞ്ഞത് രത്നങ്ങൾ എന്നാണ്.ഇതൊന്നും ശരിയല്ലെന്നായി ഗുരു.ശിഷ്യന്മാർഅമ്പരന്നിരുന്നു. ”സമയമാണ്ഏറ്റവും വിലപിടിപ്പുള്ളത്.സമയം വേണ്ടവിധത്തിൽ ഉപയോഗിക്കുന്നവനാണ് ഏറ്റവും വലിയ സമ്പന്നൻ.” ഗുരുവിന്റെ വാക്കുകൾ ഏറെ അർത്ഥവത്താണ്.ലോകത്തിലുള്ള എല്ലാവർക്കും സമയം ലഭിച്ചിട്ടുണ്ട്. നമുക്കു ലഭിച്ചിരിക്കുന്ന സമയത്തെവിലപ്പെട്ടതായി കണക്കാക്കി അവയിൽനിന്ന് കഴിയുന്നിടത്തോളം ഫലമെടുക്കുകയാണ് വേണ്ടത്.സമയവും തിരകളും ആർക്കുവേണ്ടിയും കാത്തുനിൽക്കാറില്ല എന്നൊരു ചൊല്ലുണ്ട്. സമയത്തെ നിയന്ത്രിക്കാൻ നമുക്കാവില്ല.അതിനാൽ സമയത്തിനനുസൃതമായി നമ്മളെ നിയന്ത്രിക്കാൻ കഴിയണം. സമയത്തിന്റെ അമൂല്യത മനസിലാക്കി പ്രവർത്തിക്കുമ്പോൾ ജീവിതവിജയം നേടാൻ കഴിയും.

നിവേദ്യ.കെ

# ജലം



ജീവന്റെ നിലനിപ്പിനായുള്ള ഏറ്റവും അടിസ്ഥാനഘടകമാണ് ജലം. മനുഷ്യന്റെ നിലനിൽപ്പിന് ശുദ്ധജലം അനിവാര്യമാണ്.കൃഷിക്കായും രാവിലെ മുതലുള്ള പ്രാഥമിക കൃത്യങ്ങൾ ചെയ്യുന്നതിനും ആഹാരം പാകം ചെയ്യുന്നതിനുമെല്ലാം ജലം അനിവാര്യമാണ്. എന്നാൽ ഇന്ന് മനുഷ്യർ ഭൂമിയിലെ ശുദ്ധജലത്തെ ഇല്ലാതാക്കികൊണ്ടിരിക്കുകയാണ്. വ്യവസായശാലകളിൽനിന്നും മാർക്കറ്റുകളിൽനിന്നുംമറ്റും പുറന്തള്ളുന്ന മലിനജലം പുഴകളുമായി ചേർന്ന് അതിലെ ജലം മുഴുവനും മലിനമാകുന്നു. ഇത് മത്സ്യങ്ങളുടെ നാശത്തിന് കാരണമാകുന്നു. വ്യവസായശാലകൾ നിർമ്മിക്കുന്നതിനായി പുഴകളും തടാകങ്ങളും മറ്റും മണ്ണിട്ടുനികത്തുന്നത് ജീവിവർകത്തിന്റെ തന്നെ നാശത്തിന് കാരണമാകുന്നു ഇത് പ്രളയം വെള്ളപൊക്കം മുതലായ പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു. ജലം ജീവനാണ് അത് അനാവശ്യമായി പാഴാകാതെയും മലിനീകരിക്കാതെയും നമുക്ക് സംരക്ഷിക്കാം.

ഫാത്തിമത്ത് ജുഫൈല.കെ

# ജലം ജീവാമൃതം

ഭൂമിയിലെ ഏറ്റവും അമൂല്യമായ പ്രകൃതി വിഭവമാണ് ജലം.ജലം നമുക്ക് മാത്രമല്ല,പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്.കുടി വെള്ളം, പാചകം,ഗാർഹിക ആവശ്യങ്ങൾ,കൃഷി,വ്യവസായം തുടങ്ങിയവയ്ക്ക് നാം ജലം ഉപയോഗിക്കുന്നു.അഴുക്കുവെ ള്ളം ഉപയോഗിച്ചാൽ കോളറ,ടൈഫോയ്ഡ്,വയറിള ക്കം തുടങ്ങിയ വിവിധ രോഗങ്ങൾ പിടിപെടാൻ സാധ്യതയുണ്ട്. ഇപ്പോൾ ശുദ്ധജലം വില കൊടുത്ത് വാങ്ങേണ്ട അവസ്ഥയിലേക്കാണ്നമ്മൾ എത്തിയിരിക്കുന്നത്.

ജലാശയങ്ങളുടെ മലിനീകരണം ജീവജാലങ്ങളുടെ നിലനിൽപ്പിന് ഭീക്ഷണിയാണ്. വരുംതലമുറയ്ക്കായി ജലം സംരക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്.ജലത്തിന്റെ ഉപയോഗം നിയന്ത്രിച്ചും,ജലമലിനീകരണം തടഞ്ഞും ജലസംരക്ഷണം ഉറപ്പാക്കണം.ഓരോതുള്ളി ജലവും വിലപ്പെട്ടതാണ്. ”ജലം സംരക്ഷിക്കുക,ജീവൻ രക്ഷിക്കുക”









